**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3213**

**21/12/2012 - ൽ മറുപടിയ്ക്ക്**

**സാമൂഹിക സാമ്പത്തിക സെൻസസ്**

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സാമൂഹിക സാമ്പത്തിക സെൻസസിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. സർവ്വേ വിവരങ്ങളുടെ പരിശോധന നടന്നു വരുന്നു. പരിശോധന പൂർത്തിയാക്കി തെറ്റുകൾ തിരുത്തി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) ഇതിനോടകം തയ്യാറാക്കിയ ലിസ്റ്റിൽ തോട്ടിപ്പണിക്കാർ അടിമപ്പണിക്കാർ തുടങ്ങിയ വിഭാഗങ്ങൾ ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സെൻസസ് ഏജൻസിക്ക് എങ്ങനെ എവിടെനിന്നും ഈ വിവരം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്യൂമറേഷൻ സമയത്ത് എന്യൂമറേറ്റർമാർ വ്യക്തികളിൽ നിന്നും ശേഖരിക്കപ്പെട്ട തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തോട്ടിപ്പണിക്കാർ, അടിമപ്പണിക്കാർ എന്നിവർ കേരളത്തിൽ ഉള്ളതായി റിപ്പോർട്ട് ലഭിച്ചത്. |
| (സി) സെൻസസ് ഏജൻസിയുടെ വിവരങ്ങൾക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. അടിമപ്പണിക്കാർ, തോട്ടിപ്പണിക്കാർ എന്നിവരുടെ ലിസ്റ്റ് പുന:പരിശോധിച്ച് തെറ്റു തിരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഇത്തരം വിവരങ്ങൾ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച് വിശദീകരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | സാമൂഹിക സാമ്പത്തിക ജാതി സെൻസസ് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഇതുവരെ പ്രസീദ്ധീകരിച്ചിട്ടില്ല. |
| (ഇ) മുൻപരിചയമോ വൈദഗ്ധ്യമോ ഇല്ലാത്ത ഇത്തരം ഏജൻസിയെ സെൻസസ് ജോലിയിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സാമൂഹിക സാമ്പത്തിക ജാതി സെൻസസുമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തിയത് സംസ്ഥാന സർക്കാർ ജീവനക്കാരാണ്. ജീവനക്കാർക്ക് നൽകിയ തെറ്റായ വിവരങ്ങളാണ് ഇത്തരം തെറ്റുകൾ സംഭവിക്കാൻ കാരണം. |

സെക്ഷൻ ഓഫീസർ